**ആകാശവാണി, കോഴിക്കോട്**
**പ്രാദേശിക വാർത്തകൾ**

തീയതി: **15.05.2012** സമയം: **6.45 am**

**പ്രധാന വാർത്തകൾ**

* സംസ്ഥാനത്തെ വൻ നിക്ഷേപ സാദ്ധ്യത സംബന്ധിച്ച് വ്യവസായ പ്രമുഖരുമായി മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഇന്ന് മുംബൈയിൽ ചർച്ച നടത്തും.

* പ്ലസ്ടൂ, വൊക്കേഷണൽ ഹയർസെക്കൻഡറി പരീക്ഷാഫലങ്ങൾ ഇന്ന് പ്രഖ്യാപിക്കും

* സി പി ഐ എം സംസ്ഥാന സെക്രട്ടേറിയറ്റ് ഇന്ന് തിരുവനന്തപുരത്ത് ചേരും.

* എയർ ഇന്ത്യാ പൈലറ്റുമാരുടെ സമരം എട്ടാം ദിവസത്തിലേക്ക്. സമരക്കാർക്കെതിരെ കർശന നടപടിയുണ്ടാകുമെന്ന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറൽ.

* ഐ പി എൽ ക്രിക്കറ്റിൽ ചെന്നൈക്കും, മുംബൈക്കും വിജയം

* * * * *

സംസ്ഥാനത്തെ വൻ നിക്ഷേപ സാധ്യത സംബന്ധിച്ച് വാണിജ്യ വ്യവസായ രംഗങ്ങളിലെ പ്രമുഖരുമായി മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഇന്ന് മുംബൈയിൽ ചർച്ച നടത്തും. കേരളത്തിലെ നിക്ഷേപത്തിൽ താൽപ്പര്യം പ്രകടിപ്പിക്കുന്ന സംരം

ഭകരും വ്യവസായികളും ചർച്ചയിൽ പങ്കെടുക്കും. മാറിവരുന്ന ആഗോള നിക്ഷേപ സാഹചര്യത്തിൽ പുതിയ നയങ്ങൾക്ക് രൂപം നൽകാനാണ് ഗവൺമെന്റ് ശ്രമിക്കുന്നതെന്ന് യോഗത്തിന് മുന്നോടിയായി മുംബൈയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിലെ നിക്ഷേപ സാദ്ധ്യതകൾ സംബന്ധിച്ച് വ്യക്തമായ ധാരണ നൽകുകയെന്ന ലക്ഷ്യത്തോടെയാണ് എമർജിംഗ് കേരള – 2012 സമ്മേളനം സെപ്തംബറിൽ കൊച്ചിയിൽ സംഘടിപ്പിക്കുന്നതെന്ന് മുഖ്യമന്ത്രി അറിയിച്ചു.

* * * * *

കക്ഷി രാഷ്ട്രീയ ചിന്തകൾക്കതീതമായി കേരളത്തിന്റെ വികസനത്തിനനുയോജ്യമായ പൊതുവികാരം രൂപപ്പെടണമെന്ന് മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞു. തിരുവനന്തപുരത്ത് സ്കൂൾ യൂത്ത് പാർലമെന്റ് സംസ്ഥാന തല വിജയികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം.

* * * * *

ഹയർസെക്കൻഡറി, വി എച്ച് എസ്  സി പരീക്ഷാ ഫലങ്ങൾ ഇന്ന് പ്രഖ്യാപിക്കും. ഉച്ചക്ക് 12 ന് മന്ത്രി ശ്രീ. പി.കെ. അബ്ദുറബ്ബ് തിരുവനന്തപുരത്താണ് ഫല പ്രഖ്യാപനം നടത്തുക. തുടർന്ന് വെബ്സൈറ്റുകളിൽ പരീക്ഷാഫലം ലഭ്യമാക്കും. പരീക്ഷാഫലം എസ് എം എസ്സിലൂടെ ലഭ്യമാക്കാൻ കേരളാ സ്റ്റേറ്റ് ഐ ടി മിഷൻ സംവിധാനമൊരുക്കിയിട്ടുണ്ട്.

* * * * *

റവല്യൂഷണറി  മാർക്സിസ്റ്റ് പാർട്ടി നേതാവ് ടി പി ചന്ദ്രശേഖരന്റെ കൊലപാതകത്തിനു പിന്നിൽ രാഷ്ട്രീയം തന്നെയാണെന്ന് കേന്ദ്രമന്ത്രി ശ്രീ. വയലാർ രവി പറഞ്ഞു. വടകര ഒഞ്ചിയത്ത് ചന്ദ്രശേഖരന്റെ വീട് സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു ശ്രീ. വയലാർ രവി.

* * * * *

കാസർക്കോട് ജില്ലയിൽ മതസൗഹാർദ്ദവും പരസ്പര സ്നേഹവും നിലനിർത്താൻ കെ പി സി സി പ്രസിഡണ്ട് ശ്രീ. രമേശ് ചെന്നിത്തല 5 ദിവസമായി നടത്തിവന്ന സ്നേഹ സന്ദേശ പദയാത്ര ഇന്നലെ രാത്രി തൃക്കരിപ്പൂരിൽ സമാപിച്ചു. മതസൗഹാർദ്ദം തകർക്കുന്നവർക്കെതിരെ ശക്തമായ താക്കീതാണ് ശ്രീ. ചെന്നിത്തലയുടെ സ്നേഹസന്ദേശ യാത്രയെന്ന് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത കേന്ദ്രമന്ത്രി ശ്രീ. വയലാർ രവി പറഞ്ഞു. സംസ്ഥാനത്തെ അക്രമഭൂമിയാക്കാൻ ആരേയും അനുവദിക്കില്ലെന്ന് സമ്മേളനത്തിൽ സംസാരിച്ച മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. എ ഐ സി സി ജനറൽ സെക്രട്ടറി ശ്രീ. മധുസൂദനൻ മിസ്ത്രി മഹിളാ കോൺഗ്രസ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി ശ്രീമതി. ഷാനിമോൾ ഉസ്മാൻ, കർണ്ണാടക പി സി സി പ്രസിഡണ്ട് ഡോ. ജി. പരമേശ്വര, എം എൽ എ മാരായ ശ്രീ.

വി ഡി സതീശൻ, ശ്രീ. വി ടി ബൽറാം തുടങ്ങിയവരും കെ പി സി സി , ഡി സി സി ഭാരവാഹികളും സംസാരിച്ചു.

* * * * *

കണ്ണൂരിൽ ആർ എസ് എസ്സിന്റെയും എൻ ഡി എഫിന്റെയും പേരിൽ പല കൊല പാതകങ്ങളും നടത്തിയത് സി പി ഐ എം ആണെന്ന് ഇടതുപക്ഷ ഏകോപന സമിതി നേതാവ് ശ്രീ. എം ആർ മുരളി പറഞ്ഞു. മലപ്പുറത്ത് ക്വട്ടേഷൻ രാഷ്ട്രീയ ത്തിനെതിരെ മുസ്ലീം ലീഗ് സംഘടിപ്പിച്ച ജനജാഗ്രതാ സദസ്സിൽ സംസാരിക്കുക യായിരുന്നു അദ്ദേഹം. കുലം കുത്തി എന്ന വിശേഷണം സി പി ഐ എമ്മിന്റെ സ്ഥാപക നേതാക്കൾക്കാണ് കൂടുതൽ ചേരുകയെന്നും അദ്ദേഹം പറഞ്ഞു.

* * * * *

സി പി ഐ എം സംസ്ഥാന സെക്രട്ടേറിയറ്റ് ഇന്ന് തിരുവനന്തപുരത്ത് ചേരും. നെയ്യാറ്റിൻകര ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിലയിരുത്താനാണ് സെക്ര ട്ടറിയറ്റ് യോഗമെങ്കിലും ശ്രീ. വി എസ് അച്യുതാനന്ദന്റെ പ്രസ്താവനയെ തുടർന്നുണ്ടായ സ്ഥിതി ഗതികളും ചർച്ചാ വിഷയമാകുമെന്നാണ് സൂചന. ആർ എം പി നേതാവ് ടി പി ചന്ദ്രശേഖന്റെ വധത്തിൽ പാർട്ടി നിലപാട് യോഗത്തിൽ വിശദീകരിച്ചേക്കും.

* * * * *

വനാവകാശ നിയമപ്രകാരം വയനാട് ജില്ലയിലെ 400 പേർക്ക് കൈവശഭൂമി രേഖ ഒരു മാസത്തിനകം നൽകാൻ ജില്ലാ കലക്ടർക്ക് നിർദ്ദേശം നൽകിയതായി മന്ത്രി ശ്രീ. അടൂർ പ്രകാശ് പറഞ്ഞു. ആദിവാസി സംഘടനാ പ്രതിനിധികളും ബന്ധപ്പെട്ട ഗവൺമെന്റ് വകുപ്പുകളിലെ ജില്ലാ തല ഉദ്യോഗസ്ഥരുമായി തിരുവനന്തപുരത്ത് നടത്തിയ ചർച്ചക്ക് ശേഷമാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് അനുകൂല നിലപാട് പശ്ചാത്തലത്തിൽ ആദിവാസി സംഘടനകൾ സമരത്തിൽ നിന്നും പിന്മാറണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

* * * * *

പട്ടികജാതി- പട്ടിക വർഗ ക്ഷേമത്തിനായി ചെലവഴിച്ച തുകയുടെ വിനിയോഗ ത്തെക്കുറിച്ച് കൃത്യമായി വിലയിരുത്തൽ നടത്തുമെന്ന് നിയമസഭാ പട്ടികജാതി പട്ടികവർഗ ക്ഷേമ സമിതി ചെയർമാൻ ശ്രീ. വി പി സജീന്ദ്രൻ കൽപ്പറ്റയിൽ പറ ഞ്ഞു. വയനാട് കളക്ടറേറ്റിൽ സമിതി സിറ്റിംഗിനുശേഷം നടത്തിയ ശേഷം വാർത്താലേഖകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. അടിസ്ഥാന വർഗ്ഗ ത്തിന്റെ ക്ഷേമത്തിനായി അനുവദിക്കുന്ന പണം ചോർന്നുപോകാത്ത വിധം നടപ ടിക്രമങ്ങൾക്ക് സമിതി ശുപാർശ നൽകുമെന്നും ശ്രീ. സജീന്ദ്രൻ പറഞ്ഞു. ആദി വാസി ക്ഷേമത്തിനായി രൂപീകരിച്ച പദ്ധതികളിലെ അഴിമതികളെക്കുറിച്ച് നിരവധി പരാതികൾ സമിതിക്ക് ലഭിച്ചു.

* * * * *

യുവജനങ്ങൾ സമൂഹത്തിന്റെ തിരുത്തൽ ശക്തിയായി മാറി കേരളത്തിന്റെ ഉന്ന മനത്തിനുവേണ്ടി പ്രവർത്തിക്കണമെന്ന് ശ്രീ. കെ എം മാണി ആവശ്യപ്പെട്ടു. യൂത്ത്

ഫ്രണ്ട് എം. ഇടുക്കി ജില്ലാ കമ്മിറ്റി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മികച്ച തൊഴിൽ സംരംഭകരായി യുവജനങ്ങളെ മാറ്റുന്നതിന് മുൻതൂക്കം നൽകുന്ന പദ്ധതികളാണ് ബജറ്റിൽ അവതരിപ്പിച്ച സ്വയം സംരംഭക മിഷൻ എന്ന് അദ്ദേഹം പറഞ്ഞു 5 വർഷം കൊണ്ട് 1 ലക്ഷം ചെറുപ്പക്കാരെ മികച്ച സംരംഭകരായി മാറ്റാൻ ഉതകുന്ന പരിശീലന പരിപാടി നടപ്പാക്കി വരികയാണെന്ന് അദ്ദേഹം അറിയിച്ചു.

* * * * *

വേനൽമഴയിൽ കനത്ത നാശം സംഭവിച്ച പത്തനംതിട്ട ജില്ലക്ക് മൂന്നരകോടി രൂപ ഗവൺമെന്റ് സഹായം അനുവദിച്ചിട്ടുണ്ടെന്ന് റവന്യൂ മന്ത്രി ശ്രീ. അടൂർ പ്രകാശ് പറഞ്ഞു. റാന്നി താലൂക്കിലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധി ചിറ്റാറിൽ വിതരണം ചെയ്യുകയായിരുന്നു മന്ത്രി.

* * * * *

ഇന്നലെ രാവിലെ നേപ്പാൾ തീർത്ഥ യാത്രാ സംഘത്തിന്റെ ചെറുവിമാനം തകർന്നു മരിച്ചവരിൽ മലയാളികളുടെ പ്രിയ ബാലതാരം തരുണി സച്ച്ദേവും ഉൾപ്പെടുന്നു. വെള്ളിനക്ഷത്രം, സത്യം തുടങ്ങിയ ചിത്രങ്ങളിലൂടെയും കോൾഗേറ്റ്, രസ്ന എന്നിവയുടെ പരസ്യ ചിത്രങ്ങളിലൂടെയും മലയാളികളുടെ മനംകവർന്ന ബാലതാരമാണ് തരുണി സച്ച്ദേവ്. തരുണിയുടെ അമ്മയും അപകടത്തിൽ മരിച്ചു. പിതാവും രണ്ടു സഹോദരങ്ങളും രക്ഷപ്പെട്ട 6 പേരിൽ ഉൾപ്പെടുന്നു. മുക്തിനാഥ് ക്ഷേത്രത്തിലേക്കു പോകുന്നതിനിടെ ഇന്നലെ രാവിലെയായിരുന്നു അപകടം.

* * * * *

എയർഇന്ത്യ പൈലറ്റുമാരുടെ പണിമുടക്ക് ഇന്ന് എട്ടാം ദിവസത്തിലേക്ക് കടന്നു. സമരം അവസാനിപ്പിച്ച് ജോലിക്ക് ഹാജരാകാതെ പൈലറ്റുമാരുമായി ചർച്ചക്കില്ലെന്ന് സിവിൽ വ്യോമയാനമന്ത്രി ശ്രീ. അജിത് സിംഗ് വ്യക്തമാക്കിയ സാഹചര്യത്തിൽ ഒത്തു തീർപ്പ് സാധ്യതകൾ മങ്ങിയിരിക്കുകയാണ്. സമരം നിർത്തി ചർച്ചക്ക് വഴങ്ങേണ്ടതില്ലെന്നാണ് പൈലറ്റുമാരുടെ നിലപാട്. കരിപ്പൂരിൽ നിന്നടക്കം എയർ ഇന്ത്യയുടെ 20 ലേറെ സർവ്വീസുകൾ, ദിവസങ്ങളായി മുടങ്ങിയത് യാത്രക്കാർക്ക് കടുത്ത അസൗകര്യമുണ്ടാക്കി. അതിനിടെ സമരം ചെയ്യുന്ന എയർഇന്ത്യാ പൈലറ്റുമാർക്കെതിരെ കർശന നടപടി ഉണ്ടാകുമെന്ന് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ ശ്രീ. ഇ കെ ഭരത് ഭൂഷൺ പറഞ്ഞു. നെടുമ്പാശ്ശേരിയിൽ വാർത്താലേഖകരോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. 11 പൈലററുമാർക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകിയതായും അദ്ദേഹം പറഞ്ഞു. ആറന്മുള്ള വിമാനത്താവളത്തിന് കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും പരിസ്ഥിതി വകുപ്പിന്റെയും മറ്റും അനുമതി ലഭിക്കേണ്ടതുണ്ടെന്നും ശ്രീ.ഭരത്ഭൂഷൺ അറിയിച്ചു.

* * * * *

സംസ്ഥാനത്തെ സ്കൂളുകളെ അന്താരാഷ്ട നിലവാരത്തിലേക്കുയർത്താൻ സഹായകമാകുന്ന വിധത്തിൽ ഫ്യൂച്ചർ സ്കൂൾ പദ്ധതി തുടങ്ങുമെന്ന് മന്ത്രി ശ്രീ. പി.കെ. അബ്ദുറബ്ബ് പറഞ്ഞു. എസ് എസ് എൽ സി പരീക്ഷയിൽ എ+ ഗ്രേഡ് നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുന്ന ചടങ്ങ് മലപ്പുറത്ത് ഉദ്ഘാടനം ചെയ്യുകയായി

രുന്നു അദ്ദേഹം. അന്തർദേശീയ നിലവാരത്തോടെ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുകയും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്ത് സംസ്ഥാനത്ത് വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

* * * * *

ഐ പി എൽ ക്രിക്കറ്റിൽ ചെന്നൈക്കും, മുംബൈക്കും വിജയം. കൊൽക്കത്തയിൽ ആവേശം നിറഞ്ഞ മത്സരത്തിൽ അവസാന ഓവറിലെ അവസാന പന്തിൽ ഡെയിൻബ്രാവോയുടെ സിക്സറാണ് ചെന്നൈക്ക് വിജയം സമ്മാനിച്ചത്. ആദ്യം ബാറ്റ് ചെയ്ത കൊൽക്കത്ത നിശ്ചിത ഓവറിൽ 160 റൺസെടുത്തിരുന്നു. ബാംഗ്ലൂരിൽ മറ്റൊരു നിർണ്ണായക മത്സരത്തിൽ ബാംഗ്ലൂർ റോയൽ ചാലഞ്ചേഴ്സിനെ പരാജയപ്പെടുത്തി മുംബൈ ഇന്ത്യൻസ് പോയന്റ് പട്ടികയിൽ രണ്ടാമതെത്തി. അവസാന നാലിൽ എത്താൻ ബാംഗ്ലൂർ നടത്തിയ ശ്രമം പരാജയം. അമ്പാട്ടി റായിഡുവും പൊള്ളാഡും ചേർന്ന് 66 പന്തിൽ നേടിയ 122 റൺസാണ് മുംബൈക്ക് വിജയം സമ്മാനിച്ചത്.

* * * * *

രാജ്യത്തെ കരിങ്കൽ ശിൽപ്പികളുടെ ക്യാമ്പ് ഇന്ന് കോഴിക്കോട് മലാപ്പറമ്പിൽ ആരംഭിക്കും. ആർട്ടിസ്റ്റ് നമ്പൂതിരി ഉദ്ഘാടനം ചെയ്യും. കേരള ലളിതകലാ അക്കാദമിയും ഡി ടി പി സിയും ചേർന്നാണ് ഒരു മാസത്തെ ക്യാമ്പ് സംഘടിപ്പിക്കുന്നത്.

* * * * *

എറണാകുളം പൂത്തോട്ട പാലത്തിനു സമീപം ബൈക്കിൽ യാത്ര ചെയ്യുകയായിരുന്ന ദമ്പതികൾ കെ എസ് ആർ ടി സി ബസ്സിടിച്ച് മരിച്ചു. പൊന്നുരുന്നി സ്വദേശികളായ രമേശ് , ഷീല എന്നിവരാണ് മരിച്ചത്.

* * * * *

തൃശ്ശൂർ ജില്ലയിലെ മാളയിൽ സെപ്റ്റിക് ടാങ്കിൽ വീണ് ആൺകുട്ടി മരിച്ചു. മണൽ ലോറി കയറി തകർന്ന സ്ലാബിനിടയിലൂടെയാണ് രണ്ട് വയസ്സുകാരനായ കുട്ടി വീണതെന്ന് ബന്ധുക്കൾ പറഞ്ഞു.

* * * * *

തൃശ്ശൂർ ജില്ലയിലെ പുന്നയൂർകുളത്ത് സൈക്കിൾ റെയ്സിംഗി നിടെ വീണ വിദ്യാർത്ഥി മരിച്ചു. 14 വയസ്സുകാരനായ അഖിലാണ് മരിച്ചത്.

* * * * *

കായംകുളത്ത് ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയ നവജാത ശിശുവിന്റെ സംരക്ഷണം ശിശുക്ഷേമ സമിതി ഏറ്റെടുത്തു. കായംകുളം അറുകുറ്റിയിൽ റോഡരികിൽ ഇന്നലെ കണ്ടെത്തിയ, രണ്ട് ദിവസം പ്രായമായ പെൺകുഞ്ഞിനെ ആലപ്പുഴയിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

* * * * *

കുട്ടനാട്ടിൽ രണ്ടാം നെൽകൃഷിക്ക് തുടക്കമായി. ഇത്തവണ 20,000 ഹെക്ടർ നിലത്താണ് നെൽകൃഷി നടത്തുന്നത്.

* * * * *

ഇടവമാസ പൂജക്ക് ശബരിമലയിൽ നട തുറന്നു. ഇന്ന് മുതൽ പതിവ് പൂജകൾക്ക് പുറമേ ഉദയാസ്തമന പൂജ, കളഭാഭിഷേകം, പടിപൂജ എന്നിവയും ഉണ്ടാകും. ഇടവ മാസ പൂജകൾ പൂർത്തിയാക്കി ശനിയാഴ്ച്ച രാത്രി 10 ന് നട അടയ്ക്കും.

* * * * *

ആഗോളവൽക്കരണ നയങ്ങൾക്കെതിരെ തൊഴിലാളി പ്രസ്ഥാനത്തിന്റെ ഐക്യനിര ഉണ്ടാവണമെന്ന് ശ്രീ. പി. കരുണാകരൻ എം പി അഭിപ്രായപ്പെട്ടു. പാല ക്കാട്ട് നാഷണൽ ഫെഡറേഷൻ ഓഫ് പോസ്റ്റൽ എംപ്ലോയീസിന്റെ 35 ാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശ്രീ. എം. ചന്ദ്രൻ എം എൽ എ അധ്യക്ഷനായിരുന്നു.

* * * * *

ഇടുക്കി ജില്ലയിലെ ഭൂ പ്രശ്നങ്ങൾ പരിഹരിക്കണമന്നാവശ്യപ്പെട്ട് സി പി ഐ യുടെ നേതൃത്വത്തിൽ താലൂക്ക് ആസ്ഥാനങ്ങളിലേക്ക് ഇന്ന് മാർച്ചും ധർണ്ണയും നട ത്തും. ഉപാധി രഹിത പട്ടയ വിതരണം പുനരാരംഭിക്കണമെന്നും മൂന്നാർ മേഖല യിലെ കയ്യേറ്റക്കാരെ ഒഴിപ്പിക്കണമെന്ന് ആവശ്യപ്പെട്ടാണ് ധർണ്ണ.